# അസാഞ്ചിനെ കുരിശിലേറ്റും മുമ്പ്

**മുദ്രകൾ**




**ആസ്ട്രേലിയൻ** വംശജനായ ജൂലിയൻ അസാഞ്ച് വിക്കീലീക്സ് എന്ന തന്റെ വെബ്സൈറ്റിലൂടെ പുറത്തുവിട്ട അമേരിക്കൻ സൈനിക-പ്രതിരോധ രഹസ്യരേഖകൾ ഒരു ഇടവേളക്ക് ശേഷം അന്താരാഷ്ട്ര മാധ്യമലോകത്ത് വീണ്ടും ചർച്ചയായി. കഴിഞ്ഞ കുറെ മാസങ്ങൾക്ക് മുമ്പ് 92,000-ത്തിലധികം അമേരിക്കൻ അഫ്ഗാൻ സൈനിക രഹസ്യങ്ങൾ പുറത്തുവിട്ട് യാങ്കിപ്പടയുടെ നോട്ടപ്പുള്ളിയായി മാറിയ അസാഞ്ച് പുതിയ വെളിപ്പെടുത്തലുകളിലൂടെ അവരുടെ 'ഹിറ്റ്ലിസ്റ്റിൽ' ഇടം നേടിക്കഴിഞ്ഞു. രണ്ട് സ്ത്രീകളെ മാനഭംഗപ്പെടുത്തി എന്ന കുറ്റത്തിന് സ്വീഡനിൽ നിന്നുള്ള അറസ്റ്റ് വാറന്റിലാണ് ലണ്ടൻ മെട്രോപൊളിറ്റൻ പോലീസ് അസാഞ്ചിനെ അറസ്റ്റ് ചെയ്തിരിക്കുന്നത്. കഴിഞ്ഞയാഴ്ച ഇന്റർപോൾ പുറത്തിറക്കിയ റെഡ് നോട്ടീസിന്റെ ഫലമായി ലണ്ടനിൽ ഒളിവിൽ കഴിയുകയായിരുന്ന അസാഞ്ചിനെ 2010 ആഗസ്റ്റിൽ സ്വീഡനിൽ നടന്ന ഒരു സെമിനാറിൽ പങ്കെടുക്കവെ നടത്തി എന്ന് പറയപ്പെടുന്ന കുറ്റത്തിനാണ് ഇപ്പോൾ നടന്ന അറസ്റ്റ് നാടകം.

വിയറ്റ്നാമിനു ശേഷം അമേരിക്കൻ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ രഹസ്യ ചോർച്ചയുടെ പശ്ചാത്തലത്തിൽ ഒബാമയും കൂട്ടരും പതിവ് പ്രതിരോധത്തിന്റെ മാർഗത്തിലേക്ക് തിരിഞ്ഞതായി അറസ്റ്റും ബന്ധപ്പെട്ട വാർത്തകളും സൂചിപ്പിക്കുന്നു. അസാഞ്ച് പുറത്തുവിട്ട സൈനിക പ്രതിരോധ രഹസ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു പകരം പുറത്തു വിട്ടവരെ തെരഞ്ഞു പിടിച്ച് 'കൈകാര്യം' ചെയ്യുന്ന സ്ഥിരം ശൈലിയിലാണ് അമേരിക്കയും പാശ്ചാത്യ മാധ്യമപ്പടയും. അസാഞ്ചിന്റെ കൈകളിൽ രക്തം പുരണ്ടിട്ടുണ്ട് എന്ന് അഭിപ്രായപ്പെടുന്നു അമേരിക്കൻ പ്രതിരോധ സെക്രട്ടറി റോബർട്ട് ഗേയ്റ്റ്സ്. വിക്കീലീക്സ് അമേരിക്കയെക്കുറിച്ച് പുതിയതൊന്നും പറയുന്നില്ലെന്നാണ് പെന്റഗൺ തിങ്ക്ടാങ്കിന്റെ 'വിദഗ്ധ മതം'. ജേർണലിസവും ആക്ടിവിസവും കൂട്ടിക്കുഴക്കുന്ന അസാഞ്ച് പരീക്ഷണം സമാധാനം പ്രഘോഷിക്കുന്നില്ലെന്ന് പറഞ്ഞ് അമേരിക്കൻ മുത്തശ്ശി മാധ്യമപ്പടയും രംഗത്തുണ്ട്.


*ഫോക്സ് ന്യൂസ്* 'ഭീകര സംഘടന' എന്ന് വിക്കീലീക്സിനെ സംബോധന ചെയ്തപ്പോൾ *വാഷിംഗ്ടൺ പോസ്റ്റി*ലെ കോളമിസ്റ്റ് അതിനെ വിശേഷിപ്പിച്ചത് 'ക്രിമിനൽ എന്റർപ്രൈസസ്' എന്നാണ്. സെനറ്റർ ജൂലിബർമനും സാറ പാലിനും അസാഞ്ചിനെ ചാരവൃത്തിയാരോപിച്ച് തുറുങ്കിലടക്കണമെന്ന പക്ഷക്കാരാണ്. അസാഞ്ചിനെതിരെ ആരോപണമുയർത്തിയ വനിതകൾക്ക് തീർച്ചയായും അജണ്ടകളുണ്ടെന്ന് മനസ്സിലായതായി അസാഞ്ചിന്റെ നിയമോപദേഷ്ടാക്കൾ തറപ്പിച്ചു പറയുന്നു. അമേരിക്കൻ രഹസ്യങ്ങൾ പുറംലോകത്തെത്തിച്ചതിന് 'പ്രത്യുപകാരമായി' സ്വീഡൻ, ആസ്ട്രേലിയ, സ്വിറ്റ്സർലന്റ് എന്നീ രാജ്യങ്ങളുടെയും മറ്റു സ്വകാര്യ ഏജൻസികളുടെയും ഒത്താശയോടെ വിക്കീലീക്സ് വെബ്സൈറ്റ് ഹാക്ക് ചെയ്യാനും സൈറ്റിന് ലഭിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക സഹായങ്ങൾ തടഞ്ഞുവെക്കാനുമുള്ള ശ്രമങ്ങൾ തകൃതി. സ്വിസ് കമ്പനിയായ പോസ്റ്റ് ഫൈനാൻസ്, അമസോൺ ഡോട്ട് കോം, പേപാൽ ഡോട്ട് കോം, മാസ്റ്റർ കാർഡ്, മറ്റു കമ്പ്യൂട്ടർ സെർവർ കമ്പനികളും ഇതിനകം അമേരിക്കൻ സമ്മർദത്തിനു വഴങ്ങി വിക്കീലീക്സിനുള്ള സഹായങ്ങൾ നിർത്തലാക്കി.

വിക്കീലീക്സിന്റെ വെളിപ്പെടുത്തലുകൾ വഴി ലോകത്തിന് മുമ്പിൽ നാണംകെട്ട അമേരിക്കൻ ഗവൺമെന്റ് അസാഞ്ചിനെ നിയമക്കുരുക്കിൽ പെടുത്താൻ ഓടി നടക്കുമ്പോൾ അദ്ദേഹത്തിന് മുമ്പ് തന്നെ ഈ രഹസ്യങ്ങൾ പുറത്തുവിട്ട *ന്യൂയോർക്ക് ടൈംസ്*, *വാഷിംഗ്ടൺ പോസ്റ്റ്* തുടങ്ങിയ 15-ഓളം പത്രങ്ങളെ ഇതിന്റെ പേരിൽ നിയമനടപടിക്ക് വിധേയമാക്കാത്തതെന്തുകൊണ്ട്? അസാഞ്ചിനെതിരെ കലിതുള്ളുന്ന യാങ്കിപ്പട അമേരിക്കൻ സുരക്ഷാ വീഴ്ചകൾക്കെതിരെ 'കമാ' എന്ന് ഉരിയാടാത്തതെന്ത്? ഒബാമയുടെ ഭരണത്തിൽ സ്വാധീനമുള്ളവരുടെ സഹായമില്ലാതെ ഈ രഹസ്യങ്ങൾ ചോരുമോ? യു.എസ് ദേശീയ സുരക്ഷാ രേഖകൾ ഏതൊരാൾക്കും അനായാസം എവിടെ നിന്നും ഹാക്ക് ചെയ്ത് ചോർത്തിയെടുക്കാൻ മാത്രം സുരക്ഷിതമല്ലാത്തതാണോ? യു.എസ് ഇന്റലിജൻസ് വൃത്തങ്ങൾക്ക് എന്തുകൊണ്ട് ഇത്തരം ലീക്കുകൾ മുൻകൂട്ടി കാണാൻ സാധിച്ചില്ല? തീർത്തും വിശ്വാസ്യത നഷ്ടപ്പെട്ട ലോക പോലീസ് അസാഞ്ചിന്റെ അറസ്റ്റിലൂടെ പ്രധാന വിഷയത്തിൽനിന്നും ലോക ശ്രദ്ധ തിരിച്ചുവിടാനുള്ള ശ്രമമല്ലേ നടത്തുന്നത്? അസാഞ്ചിനെ കുരിശിലേറ്റും മുമ്പ് ഇത്തരം ഒട്ടനവധി ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ബന്ധപ്പെട്ടവർ ബാധ്യസ്ഥരാണ്. ■

**നസീർ അയിരൂർ**

മുദ്രകൾ

# ഗസ്സയുടെ കണ്ണുനീർ




**തുർക്കിയെപ്പോലുള്ള** രാഷ്ട്രങ്ങൾ നടത്തുന്ന സമർഥമായ രാഷ്ട്രീയ നീക്കങ്ങൾ മാത്രമല്ല ഫലസ്ത്വീൻ പ്രശ്നത്തെ ലോക ശ്രദ്ധയിൽ പിടിച്ചുനിർത്തുന്നത്. ഫലസ്ത്വീനികളുടെ ദുരിതക്കടലിലേക്ക് കാമറ പായിക്കുന്ന ഇടക്കാലത്തിറങ്ങിയ ഒട്ടേറെ ഡോക്യുമെന്ററി ഫിലിമുകളും ഈ ദൗത്യം കാര്യക്ഷമമായി നിർവഹിക്കുന്നു. ഇതിൽ പുരസ്കാരം നേടിയ മിക്ക ഡോക്യുമെന്ററികളും പാശ്ചാത്യ നാടുകളിലാണ് നിർമിക്കപ്പെട്ടതെന്ന പ്രത്യേകതയുമുണ്ട്. മുൻകാലങ്ങളിലെ പാശ്ചാത്യ ചലചിത്രങ്ങളിൽ ഫലസ്ത്വീനികൾ ഭീകരതയുടെ വാർപ്പ് മാതൃകകളായിരുന്നുവെങ്കിൽ, പാശ്ചാത്യ സമാന്തര സിനിമയിലെങ്കിലും കാറ്റ് മാറി വീശുകയാണ്. സയണിസ്റ്റ് ഭാഷ്യത്തെ തള്ളിക്കളയുന്ന ഒട്ടേറെ ഡോക്യുമെന്ററികളാണ് ഈയിടെ പുറത്തിറങ്ങിയത്. ഇത്തരം ഡോക്യുമെന്ററികളുടെ മാത്രം ഒരു പ്രദർശനം തന്നെ കഴിഞ്ഞ ഡിസംബർ ആദ്യവാരത്തിൽ ഗസ്സയിൽ നടന്നു. 152 എൻട്രികൾ ഉണ്ടായിരുന്നെങ്കിലും 40 എണ്ണമേ പ്രദർശിപ്പിച്ചിരുന്നുള്ളൂ.

നോർവീജിയൻ സംവിധായിക വിബക്ക ലോക്കബർഗിന്റെ 'ഗസ്സയുടെ കണ്ണുനീർ' എന്ന ഡോക്യുമെന്ററിയാണ് പുരസ്കാരം നേടിയത്. നിരവധി ഫലസ്ത്വീനി ഫോട്ടോഗ്രാഫർമാർ കാമറയിൽ പകർത്തിയ സയണിസ്റ്റ് ഭീകരതയുടെയും ഫലസ്ത്വീനി ദൈന്യതയുടെയും കാഴ്ചകളാണ് ഇതിൽ നിറയെ. 2008–'09–ൽ ഗസ്സക്കെതിരെ ഇസ്രയേൽ നടത്തിയ കടന്നാക്രമണമാണ് പശ്ചാത്തലം. പുതിയ യുദ്ധ രീതികളുടെ മാരകമായ ഭവിഷ്യത്തുകൾ ഒരോ ഫ്രെയിമിലും കാണാം.

സയണിസ്റ്റ് സേനയുടെ ബോംബ് വർഷവും തെരുവുകളിലെയും ആശുപത്രികളിലെയും ഫലസ്ത്വീനികളുടെ മുറിവേറ്റ ജീവിതവും മാറി മാറി കാണിച്ചുകൊണ്ടുള്ള അവതരണ രീതിയാണ്. മൂന്ന് ഫലസ്ത്വീനി കുട്ടികൾ യുദ്ധഭീകരതയെ അതിജീവിച്ചുകൊണ്ട് സാധാരണ ജീവിതം നയിക്കാൻ എങ്ങനെ പ്രാപ്തി നേടുന്നു എന്നാണ് ചിത്രം കാണിച്ചുതരുന്നത്. ഫോസ്ഫറസ് ബോംബിംഗിന് ഇരയായവരുടെ കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ സയണിസ്റ്റ് ഭീകരതയുടെ നിത്യസാക്ഷ്യമായി ഡോക്യുമെന്ററിയിൽ രേഖപ്പെട്ടു കിടക്കുന്നു.

"യുദ്ധത്തിൽ കുട്ടികൾ കൊല്ലപ്പെടുന്നതും അവരുടെ അവയവങ്ങൾ ചിതറിത്തെറിക്കുന്നതും ടി.വിയിൽ കണ്ടുകൊണ്ടിരിക്കുക എന്നത് നമ്മുടെ കാലത്തെ ഭീകരമായ ഒരു അനുഭവമാണ്. കാണുന്ന നമുക്കാകട്ടെ അതിനെതിരെ ഒന്നും ചെയ്യാനാവുന്നുമില്ല. ഈയൊരു നിസ്സഹായാവസ്ഥയാണ് ഈ ഡോക്യുമെന്ററി ചെയ്യാൻ എനിക്ക് പ്രേരണയായത്. ഇത് എല്ലാതരം യുദ്ധങ്ങളോടുമുള്ള എന്റെ പ്രതിഷേധമാണ്. യുദ്ധം ഉഭയകക്ഷി പ്രശ്നങ്ങൾക്ക് പരിഹാരമേ അല്ല എന്നാണ് ഞാൻ ഇത്തരം സിനിമകളിലൂടെ പറയാൻ ശ്രമിക്കുന്നത്"– സംവിധായിക വിബക്ക പറയുന്നു.

85 മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററിയുടെ നിർമാതാവ് വിബക്കയുടെ ഭർത്താവ് ടെറിയ ക്രിസ്ത്യാൻസെൻ. പക്ഷേ, ഇവർക്ക് പുരസ്കാരമേറ്റുവാങ്ങാൻ കഴിഞ്ഞില്ല. സയണിസ്റ്റ് ഭരണകൂടം അവർക്ക് വിസ നിഷേധിക്കുകയായിരുന്നു. സമ്മാനത്തുകയായ 5000 അമേരിക്കൻ ഡോളർ ഡോക്യുമെന്ററിയിൽ പ്രത്യക്ഷപ്പെട്ട ഫലസ്ത്വീനി കുട്ടികൾക്ക് അവർ വീതിച്ചു നൽകുകയായിരുന്നു. ■